**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3386** **04-08-2021 - ൽ മറുപടിയ്ക്ക്**

**ആരാധനാലയങ്ങളുടെ നവീകരണവും കൂട്ടിച്ചേർക്കലും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ആരാധനാലയങ്ങളുടെ നവീകരണവും കൂട്ടിച്ചേർക്കലും സംബന്ധിച്ച മാർഗ്ഗനിർദ്ദേശത്തിൽ വരുത്തിയ ഭേദഗതി ഉത്തരവ് നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ആഭ്യന്തര വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള "Manual of Guidelines to Prevent and Control Communal Disturbances and to promote communal Harmony" - മാർഗ്ഗരേഖയിൽ കൊണ്ടു വന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ, 2019-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 5(4) ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഈ ഭേദഗതി ഉത്തരവ് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്ത് നിർദ്ദേശമാണ് സർക്കാർ നൽകിയിട്ടുള്ളതെന്നറിയിക്കാമോ; | (ബി) | ഉണ്ട്. ആഭ്യന്തര വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള "Manual of Guidelines to Prevent and Control Communal Disturbances and to promote communal Harmony" - മാർഗ്ഗരേഖയിൽ കൊണ്ടു വന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ, 2019-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 5(4) ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് കോട്ടയം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 14.5.2021-ന് സർക്കാരിന് നൽകിയ കത്തിന്മേൽ പഞ്ചായത്ത് ഡയറക്ടറും സർക്കാരും എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; ഇതുസംബന്ധിച്ചുള്ള കമ്പ്യൂട്ടർ നമ്പരും ഫയൽ നമ്പരും അറിയിക്കാമോ? | (സി) | ആരാധനാലയങ്ങളുടെ നവീകരണവും കൂട്ടിച്ചേർക്കലും സംബന്ധിച്ച മാർഗനിർദ്ദേശത്തിൽ വരുത്തിയ ഭേദഗതി സംബന്ധിച്ച് സ്പഷ്ടീകരണം ലഭിക്കുന്നതിനായി കോട്ടയം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 14.5.2021-ൽ പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ കത്തിന്മേൽ 30/7/2021-ൽ പഞ്ചായത്ത് ഡയറക്ടർ കോട്ടയം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് മറുപടി നൽകിയിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് കോട്ടയം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും സർക്കാരിൽ കത്ത് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ